കേരള കാർഷിക സർവകലാശാല
കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം 676 509, മലപ്പുറം (ജില്ല)
ഇ മെയിൽ-:- arsanakkayam@kau.in, ഫോൺ : 0483- 2848050

നം. എ2 –2182/23 തീയ്യതി : 10.08.2023

**ക്വട്ടേഷൻ പരസ്യം**

ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിലേക്ക് വിത്ത് നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനും ഗവേഷണത്തിനും ഉപയോഗിക്കാവുന്ന ഗുണനിലവാരമുള്ള ഉണക്ക ചാണകം ആവശ്യാനുസരണം എത്തിച്ചു തരുവാൻ താൽപ്പര്യമുള്ളവരിൽ നിന്ന് മത്സരാടിസ്ഥാനത്തിൽ സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

**നിബന്ധനകൾ :**

നല്ല ഗുണമേൻമയുള്ള, മണ്ണോ മറ്റു മാലിന്യങ്ങളോ കലരാത്ത ഉണക്ക ചാണകം ഇറക്കിതരേണ്ടുണ്ട്. ഒരു ടൺ ഉണക്ക ചാണകം ഫാമിൽ നിർദേശിച്ച സ്ഥലത്ത് (റോഡ് സൈഡിൽ) ഇറക്കിത്തരുന്നതിനു വേണ്ടുണ്ട തുകയാണ് ക്വട്ടേഷനിൽ കാണിക്കേണ്ടുണ്ടത്. സീൽ ചെയ്ത കവറിനു മുകളിൽ 'ഉണക്ക ചാണകത്തിനുള്ള ക്വട്ടഷൻ ' എന്നെഴുതിയിരിക്കണം.

ക്വട്ടേഷനുകൾ **23/08/2023** ന് രാവിലെ **11** മണിക്കകം ഈ ഓഫീസിൽ കിട്ടിയിരിക്കേണ്ടതാണ്. ക്വട്ടേഷൻ അയക്കേണ്ട വിലാസം "പ്രൊഫസർ & ഹെഡ് കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം – **676 509**" അന്നുതന്നെ **11.30** ന് ക്വട്ടേഷനുകൾ തുറക്കുന്നതും ക്വട്ടേഷനിൽ ഏറ്റവും കുറഞ്ഞ തുക കാണിച്ചിരിക്കുന്ന ആളുടെ പേരിൽ ക്വട്ടേഷൻ ഉറപ്പിക്കുന്നതുമായിരിക്കും. ടിയാൻ ഉണക്ക ചാണകം ഫാമിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് കൃത്യമായി ഫാമിൽ എത്തിക്കേണ്ടതാണ്.

ഈ ക്വട്ടേഷൻ ഉറപ്പിക്കുവാനോ ഉറപ്പിക്കാതിരിക്കുവാനോ മാറ്റിവെക്കുവാനോ ഉള്ള എല്ലാ അധികാരങ്ങളും ടി കേന്ദ്രത്തിലെ മേധാവിയിൽ നിക്ഷിപ്തമാണ്. സർക്കാർ ക്വട്ടേഷൻ വ്യവസ്ഥകളെല്ലാം ഈ ക്വട്ടേഷനും ബാധകമായിരിക്കും. ക്വട്ടേഷൻ ഉറപ്പിച്ച തീയ്യതി മുതൽ ഒരു വർഷത്തേക്ക് ആയിരിക്കും ക്വട്ടേഷൻറെ കാലാവധി. ചാണകം കൊണ്ടുവരുന്ന വണ്ടിയുടെ കാലിത്തൂക്കവും ലോഡ് അടക്കമുള്ള തൂക്കവും കാണിക്കുന്ന സ്ലിപ്പുകൾ (ലീഗൽ മെട്രോളജി വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്നും) ഓരോ ലോഡിനും ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**(ഒപ്പ്)**

പ്രൊഫസർ & ഹെഡ്

നോട്ടീസ് ബോർഡ്

ആനക്കയം പഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡ്
ആനക്കയം വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്
ഫാം സൂപ്രണ്ട്
സർക്കുലേഷൻ
കെ. എ. യു വെബ് സൈറ്റ്
ആനക്കയം കൃഷിഭവൻ, നോട്ടീസ് ബോർഡ്